## ശ്രദ്ധക്ഷണിക്കൽ

## (1) വയനാട്ടിലെ കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, വയനാട് ജില്ലയിലെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്തതിന്റെയും പട്ടയപ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്കാണ് ഞാൻ ശ്രദ്ധക്ഷണിക്കുന്നത്. കഴിഞ്ഞ 8 വർഷമായി നിരവധി തവണ ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടെങ്കിലും ഓരോ തവണയും പുതിയ പുതിയ പ്രശ്നങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. വയനാട് ജില്ലയിൽ 31.3.2014 –ൽ ലാന്റ് റിസംഷൻ സ്പെഷ്യൽ ഓഫീസറുടെ കത്തിന്റെ അടിസ്ഥാനത്തിൽ എച്ച്.എം.എൽ. ഭൂമിയുമായി ബന്ധപ്പെട്ട കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കുന്നതും റവന്യൂ രേഖകൾ നൽകുന്നതും നിർത്തി വച്ചിരിക്കുകയാണ്. അദ്ദേഹം ഹൈക്കോടതിയുടെ രണ്ട് വിധികളാണ് സൈറ്റ് ചെയ്തിട്ടുള്ളത്. WP(c) 14251/2012 ഈ വിധിപ്രകാരം ഹാരിസൺ മലയാളം, മലയാളം പ്ലാന്റേഷൻ ലിമിറ്റഡ്, മലയാളം റബ്ബർ പ്രൊഡ്യൂസർ കമ്പനി, ട്രാവൻകൂർ ടീ കമ്പനി മുതലായ കമ്പനികളുടെ പേരിൽ കാണുന്ന ഭൂമിക്ക് നിലവിലുള്ള നിയമങ്ങളിന്മേൽ തീരുമാനമാകുന്നതുവരെ ഭൂനികുതി സ്വീകരിക്കുന്നതോ റവന്യൂ രേഖകൾ നൽകുന്നതോ നിർത്തി വച്ചിരിക്കുന്ന അവസ്ഥയാണ്. ഇതുകൊണ്ട് കഷ്ടപ്പെടുന്നത് അഞ്ച് സെന്റ് മുതൽ 20 സെന്റ് വരെ ഭൂമിയുള്ള ആയിരക്കണക്കിന് കർഷകരാണ്. ആ വിധിയിൽ എന്താണ് പറഞ്ഞിട്ടുള്ളത്. "Be that as it may, if the Government stand by the assertion that the properties in the possession of HML or its transferees

are Government lands or are lands which are recoverable under the provisions of LC Act, the bare minimum for any action to start, is by issuance of due and appropriate notice. This is not something to be done on any prompting of any other authority, but has to be done on the satisfaction of the competent authority under the LC Act regarding the existence of grounds to proceed under the Act" ഇതിന്റെ ഓപ്പറേറ്റീവ് ക്ലോസിൽ പറയുന്നു. "For the aforesaid reasons, without expressing anything on merits, these writ petitions are ordered directing that if the competent authority or authorities in the State administration as are authorized in terms of the provisions of the LC Act, decide to initiate action against any of the properties in the possession of HML or any its transferees or persons in occupation, they may do so strictly in accordance with law." നിയമപ്രകാരം ഇവർക്ക് നോട്ടീസ് നൽകിയിട്ടാണ് ഈ നടപടിയെടുക്കേണ്ടത് എന്നാണ് പറഞ്ഞിട്ടുള്ളത്. നോട്ടീസ് നൽകിയിട്ടില്ല. നോട്ടീസ് നൽകുന്നതിന് പകരം ലാന്റ് റിസംഷൻ ഓഫീസറുടെ ഉത്തരവുപ്രകാരം 2014 വരെ നികുതി അടച്ചുകൊണ്ടിരുന്ന പാവപ്പെട്ട കർഷകരിൽ നിന്ന് ഇനി നികുതി എടുക്കരുതെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതുകൊണ്ട് ഉണ്ടായ പ്രശ്നമെന്താണ്? വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ കോട്ടപ്പടി, തൃക്കൈപ്പറ്റ, മൂപ്പൈനാട്, ചുണ്ടേൽ, അച്ചൂരാനം, വെള്ളരിമല, മുട്ടിൽ സൗത്ത്, നെൻമേനി വില്ലേജുകളിൽ 2014 വരെ നികുതി അടച്ചിട്ടുള്ള

ആയിരക്കണക്കിന് കുടുംബങ്ങളിലാണ് ഈ സംഗതി ബാധിച്ചിട്ടുള്ളത്. എന്റെ ഒരു സുഹൃത്തിന് 30 സെന്റ് സ്ഥലമാണുള്ളത്, മകളുടെ വിവാഹത്തിനായി 15 സെന്റ് സ്ഥലം വിറ്റു, വിവാഹത്തിനുശേഷം രജിസ്റ്റർ ചെയ്ത് നൽകാമെന്ന് പറഞ്ഞു. രജിസ്റ്റർ ചെയ്യാൻ പോയപ്പോൾ ഭൂമി രജിസ്റ്റർ ചെയ്യാൻ പറ്റില്ലെന്നു പറഞ്ഞതുകൊണ്ട് അദ്ദേഹം ആത്മഹത്യയ്ക്ക് ശ്രമിച്ചു. ആയിരക്കണക്കിന് കുടുംബങ്ങളെ ദുരിതത്തിലേയ്ക്ക് തള്ളിവിടുന്ന നടപടിയാണിത്. ഇവിടെ ഡ്യൂ പ്രോസസ് ഓഫ് ലോ എന്താണോ ഹൈക്കോടതി വിധിയിൽ പറഞ്ഞിട്ടുള്ളത് അത് കൃത്യമായി പാലിക്കാതെ നോട്ടീസ് നൽകാതെയാണ് ഇവരെ ഒഴിപ്പിച്ചിട്ടുള്ളത്. ഈ പ്രശ്നങ്ങളിൽ അടിയന്തരമായി പരിഹരിക്കുന്നതിന് വയനാട് ജില്ലയിൽ പ്രത്യേകിച്ച് വൈത്തിരി താലൂക്കിൽ ഞാൻ മുമ്പ് ഉന്നയിച്ച പ്രശ്നങ്ങളും ഇപ്പോൾ പുതിയതായി ഉന്നയിച്ച ഈ കാര്യങ്ങളും പരിഹരിക്കുന്നതിന് അടിയന്തരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, 22.5.2010- ലെ ഉത്തരവ് പ്രകാരം കൽപ്പറ്റ മണ്ഡലത്തിലെ വൈത്തിരി താലൂക്കിലെ കോട്ടപ്പടി, വെള്ളരിമല, തൃക്കൈപ്പറ്റ, മൂപ്പൈനാട്, കുന്നത്ത് ഇടവക എന്നീ വില്ലേജുകളിലെ 1.1.1977-ന് മുൻപ് മുതൽ ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകരുടെ ഭൂനികുതി സ്വീകരിക്കുന്നതിനും കൈവശരേഖ നൽകുന്നതിനുമായി റവന്യൂ, സർവ്വേ, വനം എന്നീ വകുപ്പുകളുടെ സംയുക്ത പരിശോധനയ്ക്ക് ഉത്തരവായിട്ടുണ്ട്. എന്നാൽ 10.8.2012-ൽ ചേർന്ന മീറ്റിംഗിലെ തീരുമാനപ്രകാരം 1.1.1977-ന് മുമ്പ് വനഭൂമി കയ്യേറി

കൃഷിചെയ്ത് കൈവശപ്പെടുത്തിയ കൈവശക്കാർ നിലവിലെ സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലായെങ്കിൽ റവന്യൂ, സർവ്വേ, വനം എന്നീ വകുപ്പുകൾകൂടി സംയുക്ത പരിശോധന നടത്തി അർഹരായവർക്ക് കൈവശരേഖ നൽകുവാനും 2000 വർഷം വരെ കരം ഒടുക്കുകയും പിന്നീട് കരം സ്വീകരിക്കാത്തതുമായ കൈവശക്കാരുടെ കരം സ്വീകരിക്കാൻ അഡീഷണൽ തഹസിൽദാർക്ക് നിർദ്ദേശം നൽകുവാനും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കളക്ട്രേറ്റിൽ വച്ച് ഫോറസ്റ്റ് അധികൃതരെ കൂടി ഉൾപ്പെടുത്തി മീറ്റിംഗ് കൂടുകയും സംയുക്തപരിശോധന പുനരാരംഭിക്കുവാൻ നിർദ്ദേശം നൽകുകയും അർഹരായ കൈവശക്കാർക്ക് രണ്ടായിരത്തിന് ശേഷം കരം സ്വീകരിക്കാത്തവരിൽ നിന്നും കരം സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് വൈത്തിരി താലൂക്കിലെ വിവിധ വില്ലേജുകളിൽ സംയുക്ത പരിശോധന നടത്തി താഴെപ്പറയുന്ന മഹസർ റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ട്. അത് ജയ്ഹിന്ദ് കോളനിയിൽ 99 കൈവശക്കാർ, കടച്ചിക്കുന്ന് കോളനിയിൽ 402 കൈവശക്കാർ, നീലിമല 55 കൈവശക്കാർ, വെള്ളരിമല 125 കൈവശക്കാർ, കോട്ടപ്പടി 320 കൈവശക്കാർ എന്നിങ്ങനെയാണ്. അപേക്ഷകൾ ലഭിക്കാത്തതിനാൽ 310 കേസുകൾ കൂടി റിക്കോർഡുകൾ തയ്യാറാക്കാൻ ബാക്കി നിൽക്കുകയാണ്. ടി റിക്കാർഡുകൾ ഒപ്പുവയ്ക്കുന്നതിന് ഫോറസ്റ്റ് റേഞ്ച് ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുമുണ്ട്. വൈത്തിരി താലൂക്കിലെ ഫീൽഡ്തല സംയുക്തപരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ഫോറസ്റ്റ് റേഞ്ച് ഓഫീസറിൽ നിന്നും റിക്കോർഡ് ഒപ്പിട്ട് കിട്ടിയാലുടൻ തന്നെ നടപടിക്രമങ്ങൾ പൂർത്തിയാക്കി പട്ടയം നൽകാൻ കഴിയുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഒരു നോട്ടീസ് നൽകിയതിനെക്കുറിച്ച്

സൂചിപ്പിക്കുകയുണ്ടായി. എച്ച്.എം.എൽ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ചില കേസുകൾ നടക്കുകയാണ്. പ്രസ്തുത കേസുകളിൻമേൽ ബഹുമാന പ്പെട്ട കോടതി നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ലാന്റ് കൺസർവൻസി ആക്ട് അനുസരിച്ച് എച്ച്.എം.എൽ–ന് നോട്ടീസ് നൽകി തുടർ നടപടികളിലേയ്ക്ക് പോയതും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ നടപ്പാക്കിയിട്ടുള്ളതും. ഇക്കാര്യത്തിൽ കോടതിവിധി കൾ പലതും ഇപ്പോഴും നിലനിൽക്കുകയാണ്. ഹാരിസൺ മലയാളം പ്ലാന്റേഷൻ അനധികൃതമായി ഭൂമി കൈമാറ്റം ചെയ്യുകയാണ്. അവർ കൈവശം വച്ചിരുന്ന, സർക്കാർ കൊടുത്ത ഭൂമി മറ്റുള്ളവർക്ക് കൈമാറ്റം നടത്തിയതിനാലാണ് താൽക്കാലികമായി ഇങ്ങനെ ഒരു നടപടി സ്വീകരി ക്കാൻ സ്പെഷ്യൽ ഓഫീസർ എന്ന നിലയിൽ ശ്രീ. രാജമാണിക്യം, ഇപ്പോൾ എറണാകുളം കളക്ടറാണ്, അദ്ദേഹത്തെയാണ് സ്പെഷ്യൽ ഓഫീസറായി ലാന്റ് കൺസർവൻസി ആക്ട് അനുസരിച്ച് കോടതി നിർദ്ദേശിച്ചതനുസരിച്ച് കാര്യങ്ങൾ പരിശോധിക്കുവാനും നടപടി സ്വീകരിക്കുവാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്. ഇക്കാര്യങ്ങൾക്കുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് എന്തുചെയ്യണമെന്ന് തീർച്ചയായും ആലോചിക്കുന്നതാണ്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, ഹാരിസൺ മലയാളത്തിന്റെ കൈവശമുള്ള ഭൂമിയെക്കുറിച്ചല്ല ഞാൻ ഇവിടെ പറഞ്ഞത്. 40-50 വർഷ ങ്ങൾക്കുമുമ്പ് പാവപ്പെട്ട കർഷകർ അഞ്ചും പത്തും സെന്റ് ഭൂമി വാങ്ങിയതി

നെക്കുറിച്ചാണ്. കോടതി വിധിയെക്കുറിച്ച് ഞാൻ ഇവിടെ പറഞ്ഞു. ഇതിലെ ന്താണ് പറഞ്ഞിട്ടുള്ളത്; ഇവർക്ക് നോട്ടീസ് നൽകി. ഡ്യൂ പ്രോസസ് ഓഫ് ലാ കഴിഞ്ഞിട്ട് മാത്രമേ ഇങ്ങനെ ഒരു നടപടി എടുക്കാൻ പാടുള്ളുവെന്നാണ് നിയമം. അത് പാലിക്കാതെയാണ് രാജാമാണിക്യത്തിന്റെ ഓർഡർ ഇവിടെ ഇറങ്ങിയിട്ടുള്ളത്. ആ ഓർഡർ ഇവിടെ നിയമപ്രകാരമാണോ ഇറക്കിയത്; അദ്ദേഹം ആദ്യം പറഞ്ഞ കാര്യം പല വില്ലേജുകളിലും സംയുക്ത പരിശോധന നടത്തി ലിസ്റ്റ് തയ്യാറാക്കി എന്നത് സ്വാഗതാർഹമാണ്. എന്നാൽ 2013-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചേംബറിൽ കൂടിയ യോഗത്തിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് കൂടി ഇക്കാര്യം ശ്രദ്ധിക്കണം. അങ്ങയുടെ ഓഫീസിൽ നടന്ന യോഗത്തിൽ എടുത്ത തീരുമാനം ഉണ്ടായിരുന്നു. 2000-നു ശേഷം കരം സ്വീകരിക്കാത്തവരിൽ നിന്ന് കരം സ്വീകരിക്കാൻ നിർദ്ദേശിക്കുക. അത് ഇനിയും സ്വീകരിച്ചിട്ടില്ല. സംയുക്ത പരിശോധന കഴിഞ്ഞ പ്രദേശങ്ങളിൽ അർഹരായവർക്ക് പട്ടയം നൽകുക. ആ പ്രോസസ് തുടർന്നു വരുന്നേയുള്ളു. ഈ തീരുമാനമൊന്നും നടപ്പിലാക്കിയില്ല എന്നുമാത്രമല്ല കോടതിവിധി ഉണ്ട് എന്നുപറഞ്ഞ് അതായത് 31-03-2014-ലാണ് ഈ നോട്ടീസ് ഇറങ്ങിയിട്ടുള്ളത്. ആ കോടതിവിധി ഞാൻ ഇവിടെ വായിച്ചു. അതിൽ പറഞ്ഞിട്ടുള്ളത് ഹാരിസൺ മലയാളത്തിന്റെ കയ്യിലോ അവർ ട്രാൻസ്ഫർ ചെയ്ത ഭൂമിയോ അങ്ങനെ ഉണ്ട് എന്നുണ്ടെങ്കിൽ അതിന് നോട്ടീസ് നൽകിയിട്ടുവേണം അതിന്റെ തീരുമാനമെടുക്കാൻ എന്നാണ്. നോട്ടീസ് നൽകാതെ നികുതി എടുക്കാതിരിക്കുന്നത് ശരിയാണോ; ഇത് നിയമപ്രകാരമാണോ; ഇങ്ങനെ ആയിരക്കണക്കിന് കർഷകരെ നമ്മൾ വഴിയാ

ധാരമാക്കുന്നതാണോ ഈ സർക്കാരിന്റെ നയം. അങ്ങനെയുള്ള നയമാണോ സർക്കാർ വച്ചുപുലർത്തുന്നത് എന്ന് വ്യക്താമാക്കാമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണ്. ഞാൻ അതിനകത്ത് തെറ്റ് പറയുന്നില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നുള്ള ഒരുത്തരവാണ്. എച്ച്.എം.എൽ. അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയും അനധികൃതമായി കൈമാറ്റം നടത്തിയിട്ടുള്ള ഭൂമിയും ഉണ്ട് എങ്കിൽ എച്ച്.എം.എൽ–ന് നോട്ടീസ് കൊടുത്തുകൊണ്ട് ആ നോട്ടീസിന്റെയടിസ്ഥാനത്തിൽ അത് പരിശോധന നടത്തുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്ന് കിട്ടിയ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. അതിന്റെയടിസ്ഥാനത്തിൽ ചിലയാളുകൾക്കെങ്കിലും ബുദ്ധിമുട്ടുകളുണ്ടായിട്ടില്ല എന്നു ഞാൻ പറയുന്നില്ല കാരണം എച്ച്.എം.എൽ. അനധികൃതമായി സർക്കാർ ഭൂമി മറ്റുള്ളയാളുകൾക്ക് കൈമാറ്റം നടത്തിയിട്ടുണ്ട് എന്നതിന്റെയടിസ്ഥാനത്തിലാണ് എച്ച്.എം.എൽ–ന് നോട്ടീസ് കൊടുത്ത് പരിശോധന നടത്തുവാനും താൽക്കാലികമായി കരം കൊടുക്കുന്നത് നിർത്തിവയ്ക്കാനും ചിലപ്പോൾ നിർദ്ദേശം കൊടുത്തിട്ടുള്ളത്. അത് പരിശോധിക്കാം.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, .......to initiate action against any of the properties in the possession of HML or any its transferees or persons in occupation, they may do so strictly in accordance with law. എന്നുപറഞ്ഞാൽ ഇപ്പോൾ contempt of court ആണ് ഇവിടെ നടത്തിയിട്ടുള്ള

ത്. നോട്ടീസ് നൽകാതെ അവരുടെ ഭൂമി നികുതി എടുക്കാത്തത് contempt of court ആണ്. അത് ശരിയാണോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. അടൂർ പ്രകാശ്: ഇക്കാര്യത്തിൽ പരിശോധന നടത്താം എന്നു ഞാൻ പറഞ്ഞല്ലോ. ഇന്നുവരെ നടപ്പാക്കിയിട്ടുള്ള കാര്യങ്ങൾ എന്തൊക്കെ യാണെന്നാണ് ഞാൻ ഇവിടെ വ്യക്തമാക്കിയത്.

## ഭക്ഷ്യസുരക്ഷാ ബിൽ

ശ്രീ. സി. ദിവകരൻ: സർ, കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന വളരെ സുപ്രധാനമായ ഒരു ബില്ലിലുള്ള അപാകതകളാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. 2009-ൽ മുൻ രാഷ്ട്രപതിയായ ശ്രീമതി പ്രതിഭാ പാട്ടീൽ 'ഫുഡ് ഫോർ ആൾ' എന്ന ആശയം മുന്നോട്ടുവയ്ക്കു കയും അതിനനുസരണമായിട്ടുള്ള നാഷണൽ ഫുഡ് സെക്യൂരിറ്റി ബിൽ 2013 എന്ന ബിൽ പല പല കടമ്പകൾ കടന്ന് 10-09-2013-ൽ ഇന്ത്യയിൽ നിലവിൽ വന്നു. ഈ ബിൽ കേരളത്തിൽ നടപ്പിലാക്കാൻ പാടില്ലായെന്ന് 2009-ൽ അന്നത്തെ ഗവണമെന്റ് ഭക്ഷ്യമന്ത്രിമാരുടെ ഒരു ദേശീയ കൺവെൻഷൻ വിളിച്ചുകൂട്ടി ചർച്ച ചെയ്ത് കേരളത്തിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിക്കുകയുണ്ടായി. ഇതിലുള്ള ഏറ്റവും പ്രധാനപ്പെട്ട ന്യൂനത നിലവിലുള്ള എ.പി.എൽ-ബി.പി.എൽ. അംഗീകരിക്കുന്നില്ല എന്നതാണ്. പകരം ഗ്രാമ പരിഗണന-നഗര പരിഗണന എന്താണ്; ഇതിന്റെ മാനദണ്ഡം എന്താണ് എന്ന് ബില്ലിൽ വ്യക്തമാക്കിയിട്ടില്ല. ബിൽ പാസ്സായി. ബിൽ നടപ്പി ലാക്കും എന്നതിനെ സംബന്ധിച്ച് മുൻ കേന്ദ്രഭക്ഷ്യവകുപ്പുമന്ത്രി ഒരുപാട്

പ്രസിദ്ധീകരണങ്ങൾ നടത്തി. മൂന്നുരൂപയ്ക്ക് ഒരു കിലോ അരി, രണ്ടു രൂപയ്ക്ക് ഗോതമ്പ്, ഒരു രൂപയ്ക്ക് മറ്റ് ധാന്യങ്ങൾ ഇതെല്ലാം ഇന്ത്യയിൽ ഇഷ്ടം പോലെ കൊടുക്കും എന്നെല്ലാം പറഞ്ഞു. പക്ഷേ കേരളത്തെ സംബന്ധിച്ച് വളരെ സുസ്ഥിരമായ ഒരു പൊതുവിതരണ സമ്പ്രദായം ഇവിടെ നിലവിലുണ്ട്. 2400-ലേറെ ഔട്ട്ലെറ്റുകളുള്ള, അതിശക്തമായ, വർഷങ്ങളായി നിലനിൽക്കുന്ന ഒരു പൊതുവിതരണ സമ്പ്രദായം ഇവിടെയുണ്ട്. ആ സമ്പ്രദായം തുടരണമെന്നാണ് പുതിയ പ്രധാനമന്ത്രി നടത്തിയിരിക്കുന്ന നയപ്രഖ്യാപനം. It will be reform the public distribution system incorporating best practice from the State എന്നു പറഞ്ഞാൽ ഈ ബിൽ നടപ്പിലാക്കാൻ പോവുകയാണ്. ഈ ബിൽ കേരളത്തിൽ നടപ്പിലാക്കിയാൽ ഉണ്ടാകുന്ന രണ്ടാമത്തെ പ്രശ്നം-ഇന്നുള്ള റേഷൻ കാർഡ് മുഴുവൻ മാറ്റേണ്ടി വരും. അതിൽ ഗൃഹനാഥന്റെ പേരിൽ ഗൃഹ നാഥയാകണം. സ്ത്രീയുടെ പേര് വരണം. അത് വീണ്ടും ലാമിനേറ്റ് ചെയ്യണം. നഗരപരിഗണനയും ഗ്രാമപരിഗണനയും പരിഗണിക്കണം. അതിന്റെ മാനദണ്ഡങ്ങൾ എടുക്കണം. അതുകഴിഞ്ഞാൽ ഇന്ന് ബി.പി.എൽ. കാർഡുകാർക്ക് 35 കിലോ അരി ഒരു മാസം കിട്ടാൻ അർഹതയുണ്ട്. പക്ഷേ ഈ ബിൽ പാസ്സാക്കുമ്പോൾ ഒരാളിന് 5 കിലോ അരിയാണ് ബില്ലിൽ പറയുന്നത്. ഇന്ന് ശരാശരി ഏഴ് കിലോ അരി കിട്ടിക്കൊണ്ടിരിക്കുന്നു. നമുക്കുള്ള കേന്ദ്ര അലോട്ട്മെന്റ് തന്നെ കുറയാൻ പോകുകയാണ്. മൂന്നാമത്തെ കാര്യം, ഇതിൽ ഒരു സ്റ്റേറ്റ് ഷെയറിംഗ് ഉണ്ട്. ബില്ലിലെ സെക്ഷൻ ഏഴിൽ പറയുന്നത്, The state government shall implement the scheme covering entirely

different..........section 4 (5) guideline including cost sharing between the Central Government and the State Government. ഒരു പുതിയ സാമ്പത്തികഭാരം സംസ്ഥാനത്തെ അടിച്ചേൽപ്പിക്കുകയാണ്. അതുപോലെ മറ്റൊരു ഗുരുതരമായ വിഷയം ഫുഡ് സെക്യൂരിറ്റി അലവൻസ് ചാപ്റ്റർ അഞ്ചിൽ ഭക്ഷ്യധാന്യങ്ങൾ ഇല്ലെങ്കിൽ അതിന് അലവൻസ് കൊടുക്കണമെന്ന് പറയുന്നുണ്ട്. ആ അലവൻസ് കൊടുക്കേണ്ടത് receive such food security allowance from the concerned State Government to be paid to each person within such time and manner as may be prescribed by the Central Government. കേന്ദ്രഗവൺമെന്റ് പറയുന്ന തുക അനുസരിച്ച് സ്റ്റേറ്റ് ഗവൺമെന്റ് ഫുഡ് അലവൻസ് കൊടുക്കണം. ഈ ഫണ്ട് എവിടെ നിന്നാണ് വരുന്നത്; അതുമാത്രമല്ല, നഗരപരിഗണനയും ഗ്രാമപരിഗണനയും കഴിഞ്ഞാൽ ആ ലിസ്റ്റ് the State Government shall place the list of the identified eligible households in the public domain and display in prominently. ജനങ്ങൾക്ക് മനസ്സിലാകാൻ വേണ്ടി ആ ലിസ്റ്റ് പബ്ലിഷ് ചെയ്യണം. ഗർഭിണികൾക്ക് ആറ് മാസം ആയിരം രൂപ കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അത് കൊടുക്കേണ്ടത് കേന്ദ്രഗവൺമെന്റല്ല, സംസ്ഥാനഗവൺമെന്റാണ്. കുട്ടികൾക്ക് ന്യൂട്രീഷൻ ഫുഡ് കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അതും കൊടുക്കേണ്ട ചുമതല സംസ്ഥാന ഗവൺമെന്റിന്റേതാണ്. അതിന് ഒരു കേന്ദ്ര ബില്ലിന്റെ ആവശ്യമില്ല. സംസ്ഥാനത്തെ കുട്ടികളുടെ വെൽഫെയർ എല്ലാം സംസ്ഥാനത്തിന് നോക്കാൻ കഴിയും. നമ്മൾ നോക്കുന്നുണ്ട്. ഈ ബില്ലിന്റെ ഏറ്റവും വലിയ അപകടം കൂടുതൽ ഭാരം അടിച്ചേൽപ്പിക്കുക എന്നതാണ്.

ഇത് നിയമമായിക്കഴിഞ്ഞിരിക്കുകയാണ്. അതോടൊപ്പം തന്നെ ഒരു പുതിയ എസ്റ്റാബ്ലിഷ്മെന്റ് വരികയാണ്. ഒരു കമ്മീഷണറേറ്റിനെ നിയമിക്കണം, ഒരു കമ്മീഷനെ വയ്ക്കണം. ജില്ലാനിലവാരത്തിൽ ഉദ്യോഗസ്ഥന്മാരെ വയ്ക്കണം. ഇതിന്റെ പേയ്മെന്റ് മുഴുവൻ സ്റ്റേറ്റ് വഹിക്കണം. അങ്ങനെ വരുമ്പോൾ ഫുഡ് ആന്റ് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് ആവശ്യമില്ല. അത് ഒരു നാച്വറൽ ഡെത്തിലേക്ക് പോകുകയാണ്. സംസ്ഥാന ഗവൺമെന്റുകളുടെ ഫുഡ് ആന്റ് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ മുകളിൽ സ്റ്റേറ്റ് ഗവൺമെന്റ് പറയുന്ന ഒരു ഫുഡ് കമ്മീഷണറേറ്റ് വരുന്നു. ആ ഫുഡ് കമ്മീഷണറേറ്റിന്റെഅടിസ്ഥാനത്തിൽ പതിനാല് ജില്ലകളിലും പുതിയ ജില്ലാ ആഫീസർമാർ വരുന്നു. ഇവിടത്തെ ഫുഡ് സെക്രട്ടറിയുടെയും ഫുഡ് കമ്മീഷണറുടെയും ജോലിയെന്താണ്; ഒരു പുതിയ ഭാരം കൂടി സംസ്ഥാന ഗവൺമെന്റിനെ അടിച്ചേൽപ്പിക്കുകയാണ്. ഇത് ബഹുമാനപ്പെട്ട കെ.വി.തോമസ് ഒരു മഹാകാര്യമായി ഐക്യരാഷ്ട്രസഭ വരെ അംഗീകരിച്ചു എന്നു പറഞ്ഞ ഒരു ബില്ലാണ്. ഇതിനകത്ത് മറ്റൊരുവലിയ പ്രശ്നം, ഇത് മോണിറ്റർ ചെയ്യാൻ കമ്മിറ്റിയുണ്ടാക്കണം. ആ മോണിറ്ററിംഗ് കമ്മിറ്റിക്ക് എല്ലാ അലവൻസും കൊടുക്കണം. അത് പ്രത്യേക കമ്മിറ്റിയാണ്. അതിന് വേജസ് കൊടുക്കണം. ഇതെല്ലാം പുതിയ കാര്യങ്ങളാണ്. ഈ ബില്ലിലുള്ള മറ്റൊരു ദോഷം പി.ഡി.എസ്. എന്നുപറയുന്ന പൊതുവിതരണ സമ്പ്രദായം അവസാനിക്കുകയാണ്. പകരം തെരഞ്ഞെടുക്കപ്പെട്ടയാളുകൾക്ക് മാത്രം റേഷൻ നൽകും. അങ്ങനെ വരുമ്പോൾ 125 കോടിയിൽ 48 കോടിയാളുകൾ റേഷൻ സമ്പ്രദായത്തിൽ നിന്ന് പുറത്തുപോകും. 7 കിലോ അരി കിട്ടുന്നത് അഞ്ച് കിലോ അരിയാകും. ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേകം ഭക്ഷണം

സംസ്ഥാന ഗവൺമെന്റ് കൊടുക്കണം. മൊത്തം ചെലവും സ്റ്റേറ്റ് ഷെയർ ചെയ്യണം. ഫുഡ് അലവൻസ് സംസ്ഥാനം തന്നെ കൊടുക്കണം. ഇതെന്തു നിയമമാണ്? അതുകൊണ്ടാണ് ഞാൻ ആവശ്യപ്പെടുന്നത് കേരളത്തിലെ നിലവിലുള്ള പൊതു വിതരണ സമ്പ്രദായം കാര്യക്ഷമമാക്കിക്കൊണ്ട് ഈ ബിൽ തള്ളിക്കളയണം. ഈ ബിൽ ഇവിടെ നടപ്പിലാക്കേണ്ട ഒരു കാര്യവുമില്ല. ഈ ബിൽ നടപ്പിലാക്കിയാൽ കേരളത്തിലെ പൊതുവിതരണ സമ്പ്രദായം താറുമാറാകും. ഒന്ന്, റേഷൻ കാർഡ് തന്നെ ഇല്ലാതാകും. രണ്ട്, സ്റ്റേറ്റിന് താങ്ങാനാകാത്ത സാമ്പത്തിക ഭാരം വരും. മൂന്ന്, ഇതിന്റെ ഭാരം മുഴുവൻ സ്റ്റേറ്റിന്റെ പുറത്താകും. അതുകൊണ്ട് ആ ബിൽ സമഗ്രമായി പഠിച്ചിട്ടാണ് ഞങ്ങൾ ഒരു സെമിനാർ നടത്തിയത്. അതിൽ കോൺഗ്രസിന്റേയും ബി.ജെ.പി.യുടെയും അന്നത്തെ എല്ലാ മന്ത്രിമാരും പങ്കെടുത്തു. ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിലാണ് നടന്നത്. ആ സെമിനാറിൽ ഒരു പ്രമേയം പാസ്സാക്കി കേന്ദ്രഗവൺമെന്റിനയച്ചു. അന്നത്തെ എം.എൽ.എ.മാർക്കെല്ലാം അത് വിതരണം ചെയ്തതാണ്. ഇവിടെ നടന്ന നാഷണൽ സെമിനാർ ഈ ബില്ലിനെക്കുറിച്ചാണ്.

10-09-2013 -ലെ ഈ ബിൽ ഇൻഡ്യയിൽ ഗവൺമെന്റ് ഓഫ് ഇൻഡ്യ ഡിക്ലയർ ചെയ്തതിനു ശേഷം ഈ സംസ്ഥാനത്ത് എന്താണ് നടന്നത്; മൂന്ന് രൂപയ്ക്ക് അരി കൊടുത്തോ; ഒരു രൂപയ്ക്ക് മറ്റ് ധാന്യങ്ങൾ കൊടുത്തോ; പുതിയ കമ്മീഷണറേറ്റ് രൂപീകരിച്ചോ; ഗർഭിണികൾക്ക് 1000 രൂപ വെച്ച് കൊടുത്തോ; കുട്ടികൾക്ക് ന്യൂട്രീഷൻ ഫുഡ് കോടുത്തോ? യാതൊരു നടപടിയും എടുത്തില്ല. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. കാരണം, ഒരു നടപടിയും എടുക്കാൻ പാടില്ല. നിലവിലുള്ള സമ്പ്രദായം കാര്യക്ഷമമാക്കാൻ വേണ്ടിയാണ് ഇത് ഞാൻ ഈ സഭയിൽ കൊണ്ടുവന്നിരിക്കുന്നത്. നാളെ

ആര് ഭരിച്ചാലും ഈ ബിൽ നടപ്പിലാക്കിയാൽ കേരളത്തിന്റെ കച്ചവടം തീരും. ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന ക്വാട്ട തന്നെ കുറയാൻ പോകുകയാണ്. അവരുടെ പുതിയ കണക്ക് 5 കിലോയാണ്. അതുകൊണ്ട് എന്റെ വിനീതമായ അഭിപ്രായം ഈ ശ്രദ്ധക്ഷണിക്കലിലൂടെ സഭയിൽ പറയുന്നു. ഗവൺമെന്റ് ഈ ബിൽ ഗൗരവമായി പരിശോധിക്കണം. ഈ ബിൽ ആരും പഠിച്ചിട്ടില്ല. ആരും നോക്കിയിട്ടില്ല. ഇതിന്റെ വകുപ്പുകൾ നോക്കിയിട്ടില്ല. അതിന്റെ ഇംപാക്ട് നോക്കിയിട്ടില്ല. ഇത് ഗൗരവമായി ചർച്ചയ്ക്ക് വിധേയമാക്കിയിട്ടില്ല. ജനങ്ങളുടെ വിവാദത്തിന് ഇത് വിട്ടിട്ടില്ല. ഒരു ആൾ പാർട്ടി യോഗം വിളിച്ചു കൂട്ടിയിട്ടില്ല. കേരളത്തിലെ കോടിക്കണക്കിന് ആളുകളെ ബാധിക്കുന്ന പ്രശ്നത്തിൽ ഒരു സർവ്വകക്ഷിയോഗം വിളിച്ചു ചേർക്കണം. ഈ ബിൽ നയപരമായ വ്യതിയാനമാണ്. നിലിവിലുള്ള നയങ്ങളും നടപടിക്രമങ്ങളും ഡിപ്പാർട്ടുമെന്റും സംവിധാനങ്ങളും സമ്പദ്ഘടനയുമെല്ലാം അട്ടിമറിക്കുന്ന ഒരു ബില്ലാണിത്. അതുകൊണ്ട് ഇൻഡ്യയിൽ ഒരിടത്തും ഇത് നടപ്പിലായിട്ടില്ല. ഝാർഖണ്ഡ്, ആസ്സാം എന്നിവിടങ്ങളിൽ നടപ്പിലാക്കിയെന്ന് പറയുന്നു. പക്ഷെ അവിടെ നടപ്പിലായിട്ടില്ല. അതെല്ലാം വെറുതെ പറയുന്നതാണ്. അവിടെ റേഷൻ ഇല്ല. അതുകൊണ്ട് എന്റെ ശ്രദ്ധ ക്ഷണിക്കൽ മുഖ്യമന്ത്രിയടക്കം ഗവൺമെന്റ് വളരെ ഗൗരവമായി പരിഗണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. അനൂപ് ജേക്കബ്)</u>: സർ, അദ്ദേഹം ധാരാളം ആശങ്കകൾ പറഞ്ഞതിൽ പല കാര്യങ്ങലും വസ്തുതകളിലേയ്ക്ക് വരുന്നതല്ല. ഫുഡ് ഡിപ്പാർട്ടുമെന്റിന്റെ പ്രസക്തി നഷ്ടപ്പെടുന്നു എന്ന് പറഞ്ഞു. അത്

ഒരു കാരണവശാലും സംഭവിക്കുന്നതല്ല. ഇവിടെ പുതിയ ഒരു എസ്റ്റാബ്ലി ഷ്മെന്റ് വരുമെന്നുള്ളത് ശരിയാണ്. അത് പരാതികൾ പരിഹരിക്കുന്നതി നുള്ള ഒരു സംവിധാനമാണ്. എല്ലാ ജില്ലകളിലും വരുന്നുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, ഇത് പാർലമെന്റ് പാസ്സാക്കിയ ബില്ലാണ്. ഇതിലുള്ള കാര്യമാണ് ഞാൻ പറഞ്ഞത്. നിയമമായിക്കഴിഞ്ഞു, അതിനെ നിഷേധിക്കേണ്ട.

ശ്രീ. അനൂപ് ജേക്കബ്: സർ, എല്ലാ ജില്ലകളിലും കമ്മീഷനുകൾ രൂപീ കരിക്കുന്നുണ്ട്. ഫുഡ് സെക്യൂരിറ്റി ആക്ട് നടപ്പിലാക്കുമ്പോൾ അർഹതപ്പെ ട്ടത് ലഭ്യമാകുന്നില്ല എന്നുണ്ടെങ്കിൽ പരാതി പറയുന്നതിനുള്ള ഒരു സംവി ധാനമാണത്. ആ പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനമെന്ന നില യിലാണ് ഈ പുതിയതായി കടന്നുവരുന്ന റിഡ്രസ്സൽ ഗ്രിവൻസ് സെല്ലുകളെ കണക്കാക്കിയിരിക്കുന്നത്. ഇക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റിന്റെ പ്രസക്തി മാറി പ്പോകുന്നില്ല. എ.പി.എൽ., ബി.പി.എൽ. അംഗീകരിക്കുന്നില്ല എന്ന നിലയി ലേക്ക് വരുന്നില്ല. എ.പി.എൽ., ബി.പി.എൽ. എന്നതിന് വകഭേദം വരുത്തി പ്രയോരിറ്റി – നോൺ പ്രോയരിറ്റി എന്നാക്കി മാറ്റുന്നു. പ്രയോരിറ്റിക്കാരെ സർക്കാർ ബി.പി.എൽ. എന്ന നിലയിൽ കണക്കാക്കുന്നു. റേഷൻ കാർഡു കൾ മുഴുവൻ മാറുന്നു, ലാമിനേറ്റ് ചെയ്യുന്നു എന്ന രീതിയിലേയ്ക്ക് അദ്ദേഹം പറയുകയുണ്ടായി. അല്ലെങ്കിൽതന്നെ റേഷൻ കാർഡുകൾ പുതുക്കേണ്ട സമയമായി. അതിനുള്ള നടപടികളിലേയ്ക്ക് നീങ്ങുകയാണ്. സ്ത്രീകളുടെ പേരിൽ ഒരു റേഷൻ കാർഡ് വരുകയെന്നതാണ് ഈ നിയമത്തിൽ പ്രതിപാദി ച്ചിരിക്കുന്ന മുഖ്യഘടകങ്ങളിൽ ഒന്ന് അതാണ്. ഞാൻ ഈ നിയമത്തിൽ കണ്ട ഗുണകരമായ ഒരു പോസിറ്റീവ് ആംഗിളും അതുതന്നെയാണ്. സ്ത്രീ ശാക്തീകരണമാണ് നമ്മൾ എപ്പോഴും പ്രസംഗിക്കുകയും സംസാരിക്കുകയും

ചെയ്യുന്നത്. നിയമത്തിൽ അതിനൊരു ഭാഗം കൊടുത്തതിനെ അപ്രീഷിയേറ്റ് ചെയ്യണമെന്നുള്ളതാണ് എന്റെ അഭിപ്രായം. സ്ത്രീകളെ കുടുംബനാഥ എന്ന നിലയിൽ കണക്കാക്കുമ്പോൾ അവർക്ക് കൂടുതൽ മേഖലകളിലേയ്ക്ക് കടന്നുവരാനുള്ള സാഹചര്യം ഒരുക്കുമെന്ന ഒരു പോസിറ്റീവ് അംഗിളിലൂടെ അത്തരത്തിലുള്ള കാര്യങ്ങളെ കാണേണ്ടതായിട്ടുണ്ട്. ഇവിടെ റേഷൻ കുറഞ്ഞുപോകുന്നില്ല. ബി.പി.എൽ. കുടുംബത്തിന് 25 കിലോഗ്രാം കൊടുക്കുന്നു. ആളൊന്നിന് 5 കിലോഗ്രാം എന്ന നിലയിലേയ്ക്ക് മാറുന്നു. അതിലൊരു അപാകതയാണ് അദ്ദേഹം ചൂണ്ടിക്കാട്ടിയത്. രണ്ടംഗം ഉണ്ടെങ്കിൽ ഒരംഗത്തിനും 25 കിലോഗ്രാം കൊടുക്കും രണ്ടംഗത്തിനും 25 കിലോഗ്രാം കൊടുക്കും. ബി.പി.എൽ. കുടുംബം ആണെങ്കിൽ 25 കിലോഗ്രാം കൊടുക്കും. ഇതിന് മാറ്റം വരുകയാണ്. ആളൊന്നിന് 5 കിലോഗ്രാം. 10 അംഗങ്ങളുള്ള കുടുംബം ആണെങ്കിൽ ആ കുടുംബത്തിന് 50 കിലോഗ്രാമായി വർദ്ധിച്ചുകിട്ടുകയാണ്. നിലവിൽ 10 അംഗങ്ങളുള്ള കുടുംബത്തിന് 25 കിലോഗ്രാമാണ് ലഭിക്കുന്നത്. ആളൊന്നിന് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുമ്പോൾ സ്വാഭാവികമായും അംഗങ്ങൾ കൂടുതലുള്ള കുടുംബത്തിന് കൂടുതൽ കിട്ടും. ഫുഡ് സെക്യൂരിറ്റി അലവൻസുകൾ സ്റ്റേറ്റ് ബെയർ ചെയ്യണമെന്നുള്ള കാര്യങ്ങൾ ഗവൺമെന്റ് പരിശോധിച്ച് വരികയാണ്. ജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് ഗുണമേന്മയും പര്യാതമായ അളവിലും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കിയത്. 13-09-2013-ലാണ് ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയത്. ഇത് നടപ്പിലാക്കുവാൻ ജൂലൈ 5 മുതലാണ് സമയപരിധി നിശ്ചയിച്ചിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് ഇതിന് 10 മാസം കൂടി കൂടുതൽ സമയം ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിന്റെ റൂൾസ് ഫ്രെയിം ചെയ്യുക എന്നുള്ളതാണ് ഇതിന്റെ പ്രധാന

പ്പെട്ട ഭാഗം. റൂൾസ് ഇപ്പോൾ ഡയറക്ടറേറ്റിൽ ഫ്രെയിം ചെയ്തിട്ടുണ്ട്. ഒപ്പം തന്നെ കേന്ദ്ര റൂൾസിന് അനുസൃതമായിട്ടായിരിക്കണം സ്റ്റേറ്റ് റൂൾസ് വരേണ്ടത്. കേന്ദ്രം ഇതുവരെയും റൂൾസ് ഫ്രെയിം ചെയ്തിട്ടില്ല. ഇത് നടപ്പിലാക്കുവാൻ കൂടുതൽ സമയം ചോദിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള എല്ലാ വിഷയങ്ങളും പരിശോധിക്കുവാനുള്ള സന്ദർഭങ്ങളും ആശങ്കകൾ ഉണ്ടെങ്കിൽ അതും കൂടി ഉൾക്കൊള്ളുന്നതിന് വേണ്ടിയാണ് കൂടുതൽ സയമം ചോദിച്ചിരിക്കുന്നത്. ഇതെല്ലാം പരിഹരിച്ചുകൊണ്ട് ഈ നിയമം നടപ്പിലാക്കുക എന്നതാണ് ഞങ്ങൾ ലക്ഷ്യം വെയ്ക്കുന്നത്. ഇവിടെ പി.ഡി.എസ്. അവസാനിക്കുന്ന നിലയിൽ അദ്ദേഹം പ്രസ്താവിച്ചത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. കേരളത്തിൽ 100% ഉം റേഷനിംഗ് സിസ്റ്റം ഉണ്ട്. ഈ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാകുമ്പോളും ഒരു കുടുംബം പോലും റേഷനിംഗിൽ നിന്ന് പുറത്തുപോകില്ല. പ്രയോരിറ്റി കഴിഞ്ഞുവരുന്ന ജനവിഭാഗങ്ങൾക്കായി ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാക്കുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ഒരു വർഷത്തേയ്ക്ക് 14 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം നമുക്ക് ലഭ്യമാക്കുമെന്നാണ് കേന്ദ്ര സർക്കാർ ഇപ്പോൾ ഉറപ്പുനൽകിയിരിക്കുന്നത്. അത് 16 ലക്ഷം മെട്രിക് ടൺ ആക്കി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 14 ലക്ഷം മെട്രിക് ടൺ ലഭ്യമാക്കുവാൻ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. പ്രയോരിറ്റി കുടുംബങ്ങളിലെ അംഗങ്ങൾക്ക് 5 കിലോഗ്രാം വീതം ലഭിക്കും. 154 ലക്ഷം ജനവിഭാഗങ്ങൾ ഇതിലേയ്ക്ക് കടന്നുവരുകയാണ്. അതിന് പുറമെ വരുന്നവർക്ക് കാർഡൊന്നിന് നിലവിൽ കൊടുക്കുന്ന 9 കിലോഗ്രാം ഭക്ഷ്യധാന്യം എന്ന നിലയിൽ കൊടുക്കുവാനുള്ള സാഹചര്യമാണ് സംസ്ഥാന ഗവൺമെന്റ് ഒരുക്കുന്നത്. 16 ലക്ഷം മെട്രിക് ടൺ ആവശ്യപ്പെടുമ്പോൾ സ്വാഭാവികമായും ബാക്കി വരുന്നവർക്ക് ഇപ്പോൾ കൊടുക്കുന്ന 9

കിലോഗ്രാം എന്നത് 13 കിലോഗ്രാമായി വർദ്ധിപ്പിക്കാൻ കഴിയും. ഒരു കാര്യം സഭയ്ക്ക് ഉറപ്പുനൽകാൻ ആഗ്രഹിക്കുന്നത്, ഈ നിയമം നടപ്പിലാകുന്നതിന്റെ പേരിൽ റേഷനിംഗ് സിസ്റ്റം തകരുമെന്നോ റേഷനിംഗിൽ നിന്ന് ആരെങ്കിലും പുറത്തുപോകുമെന്നോ ധരിക്കേണ്ടതില്ല. ആരും പുറത്തുപോവുകയില്ല, എല്ലാവരെയും ഇതിൽ ഉൾപ്പെടുത്തിക്കൊണ്ട് മാത്രമേ ഈ നിയമം ഇവിടെ നടപ്പിലാക്കുകയുള്ളൂ. നിലവിൽ ബി.പി.എൽ., എ.എ.വൈ. വിഭാഗങ്ങളിലായി 96 ലക്ഷം അംഗങ്ങളുണ്ട്. ഭക്ഷ്യ സുരക്ഷ പദ്ധതി നടപ്പിൽ വരുമ്പോൾ 154 ലക്ഷം അംഗങ്ങൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയും. നിലവിൽ ബി.പി.എൽ., എ.എ.വൈ. വിഭാഗങ്ങൾക്കായി ലഭ്യമാകുന്നത് 7.72 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ്. ഭക്ഷ്യ സുരക്ഷാ നിയമം മുൻഗണനാ വിഭാഗത്തിന് 10 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യം ലഭിക്കുന്നു. മുൻഗണനാ വിഭാഗമെന്ന് പറയുന്നത് പഴയ ബി.പി.എൽ., എ.എ.വൈ. വിഭാഗങ്ങളാണ്. അവർക്ക് ഇപ്പോൾ ലഭിക്കുന്ന 8 ലക്ഷം മെട്രിക് ടൺ എന്നത് 10 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിക്കുമെന്നത് ഒരു വസ്തുതയാണ്. നിലവിലുള്ളതിനേക്കാൾ കൂടുതൽ ജനങ്ങൾക്ക് ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം അതിന്റെ വിഹിതം കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുവാനുള്ള സാഹചര്യങ്ങൾ ഇവിടെ സംജാതമാക്കുന്നതാണ്. തീർച്ചയായും ബഹുമാനപ്പെട്ട മുൻ ഭക്ഷ്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങളിൽ ആശങ്കയുള്ള ഭാഗം തീർച്ചയായും ഗവൺമെന്റ് പരിശോധിക്കും പരിഹരിക്കേണ്ട ഭാഗങ്ങൾ പരിഹരിക്കും. എല്ലാ അർത്ഥത്തിലും ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ചു തന്നെയായിരിക്കും മുന്നോട്ടുപോകുവാൻ ലക്ഷ്യം വെയ്ക്കുന്നത്.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ബഹുമാനപ്പെട്ട മന്ത്രി വസ്തുതകൾ മനസ്സിലാക്കാതെയാണ് ഇവിടെ സംസാരിച്ചത്. മുൻ കേന്ദ്ര ഗവൺമെന്റ് പ്രസിദ്ധീക

രിച്ച ഒരു പബ്ലിക്കേഷനാണ് എന്റെ കയ്യിലിരിക്കുന്നത്. അതിൽ ശ്രീ. കെ. വി. തോമസും പ്രധാനമന്ത്രിയും ശ്രീമതി സോണിയ ഗാന്ധിയുമടക്കമുള്ളവർ പറയുന്നത്, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൻകീഴിൽ ഗ്രാമങ്ങളിൽ 63 കോടിജനങ്ങളും നഗരങ്ങളിൽ 18 കോടി ജനങ്ങളുമാണെന്നാണ് ഗവൺമെന്റിന്റെ ഔദ്യോഗികമായ കണക്കിൽ പറയുന്നത്. ബാക്കിയുള്ള ആളുകൾക്ക് റേഷൻ അരിയില്ലെന്ന് പച്ച മലയാളത്തിലാണ് പറഞ്ഞത്. ഇതിൽ ഒരുവിഭാഗം ആളുകൾ പൊതു വിതരണ സമ്പ്രദായത്തിലൂടെ പുറത്തുപോകുമെന്ന് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്നു. എന്നാൽ ആരും പുറത്തുപോവില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുന്നത്. ഇത് കേന്ദ്ര ഗവൺമെന്റ് ഇറക്കിയ പബ്ലിക്കേഷനാണ്. ഇതിൽ ആദ്യം എഴുതി വച്ചിരിക്കുന്നത്, മൂന്നു രൂപയ്ക്ക് അരി കൊടുക്കുമെന്നാണ്. ഈ നിയമമനുസരിച്ച് എവിടെയാണ് മൂന്ന് രൂപയ്ക്ക് അരി കൊടുത്തത്. രണ്ട് രൂപയ്ക്ക് ഗോതമ്പ് കൊടുക്കുമെന്ന് പറഞ്ഞു. ഈ നിയമമനുസരിച്ച് രണ്ട് രൂപയ്ക്ക് ഗോതമ്പ് എവിടെ കൊടുത്തു. എന്നുമാത്രമല്ല, ഗവൺമെന്റ് ഓഫ് ഇന്ത്യ അലോട്ട് ചെയ്ത 21 രൂപയ്ക്കുള്ള റേഷൻ അരിയും 13.50 രൂപയ്ക്കുള്ള ഗോതമ്പും ആലപ്പുഴ, എറണാകുളം ജില്ലകളിൽ വിതരണം ചെയ്യാൻ സാധിക്കാതെ പുഴുത്തുനാറുകയാണ്. എന്നിട്ടാണ് ഇവിടെ ഇങ്ങനെ പറയുന്നത്. എന്ത് അക്രമമാണ് ചെയ്യുന്നത്. മൂന്നു രൂപയ്ക്ക് അരികൊടുക്കുമെന്ന് പറഞ്ഞ് ആളുകളെ പറ്റിച്ചു. രണ്ടുരൂപയ്ക്കും ഒരുരൂപയ്ക്കും അരികൊടുക്കുമെന്ന് പറഞ്ഞിട്ടും ഒന്നും നടന്നില്ല. അതുകൊണ്ട് ഈ ബിൽ കേരളത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തേ നടപ്പിലാക്കാവൂ. അത് അംഗീകരിക്കുന്നതിന് ജനാധിപത്യപരമായ ഒരു സമീപനമെടുക്കണമെന്ന് പറഞ്ഞാൽ എന്താണ് കുഴപ്പം?

ശ്രീ. അനൂപ് ജേക്കബ്: ഈ നിയമം കേരളത്തിൽ നടപ്പിലായി തുടങ്ങിയിട്ടില്ല. ആ നിയമം നടപ്പിലാക്കുമ്പോഴാണ് അദ്ദേഹം പറഞ്ഞതുപോലെ മൂന്നുരൂപയ്ക്ക് അരികൊടുക്കുമെന്ന് പറഞ്ഞത്. ജൂലൈ അഞ്ച് മുതലാണ് ഈ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നതെങ്കിലും അതിന് എക്സ്റ്റെൻഷൻ ചോദിച്ചിരിക്കുകയാണ്. മാത്രമല്ല, ഇതിനായി റൂൾസ് ഫ്രെയിം ചെയ്യുകയാണ്. 154 ലക്ഷം അംഗങ്ങൾ കേരളത്തിൽ മുൻഗണനാവിഭാഗത്തിൽ വരും. ബാക്കി വരുന്ന ജനവിഭാഗങ്ങൾക്ക് റേഷൻ കൊടുക്കുവാനുള്ള സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, കേരളത്തിൽ 14 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുമ്പോൾ അത് 154 ലക്ഷം കഴിഞ്ഞു വരുന്ന ഓരോ കുടുംബാംഗങ്ങൾക്കും കൊടുക്കുവാനുള്ള സാഹചര്യങ്ങളുണ്ട്. അതുകൊണ്ടാണ് വളരെ ഉത്തരവാദിത്തത്തോടുകൂടി ആവർത്തിച്ചു പറയുകയാണ് കേരളത്തിൽ ഒരാളുപോലും റേഷണിംഗ് സംവിധാനത്തിൽ നിന്നും പുറത്തുപോവുകയില്ല.